സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ
Estd : 2007
സത്യാന്ന പ്രമദിതവ്യം
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 മെയ് 18 വ്യാഴം
ptnizar@rediffmail.com 9037319971
www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

# കർണാടകയിൽ സിദ്ധരാമയ്യ മുഖ്യമന്ത്രി



**ഒരുമയോടെ തുടരാം...** കർണാടക മുഖ്യമന്ത്രിയെ തീരുമാനിച്ചതിന് പിന്നാലെ ഡൽഹിയിൽ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയെ ഡി.കെ ശിവകുമാറും സിദ്ധരാമയ്യയും സന്ദർശിച്ചപ്പോൾ

## ഡി.കെ ശിവകുമാർ ഉപമുഖ്യമന്ത്രിയാകും

ബംഗളൂരു: അനിശ്ചിതത്വങ്ങൾക്കൊടുവിൽ കർണാടകയിൽ കോൺഗ്രസിന് ആശ്വാസം. സിദ്ധരാമയ്യ അടുത്ത മുഖ്യമന്ത്രിയാകും. ഡി.കെ ശിവകുമാർ ഉപമുഖ്യമന്ത്രിയാകും. ദിവസങ്ങൾ നീണ്ട അനിശ്ചിതത്വങ്ങൾക്കും ചർച്ചകൾക്കും ഒടുവിലാണ് അന്തിമ തീരുമാനമായത്. മൂന്ന് ദിവസം നീണ്ട അനിശ്ചിതത്വങ്ങൾക്കാണ് ഹൈക്കമാൻഡിന്റെ ഇടപെടലോടെ പരിഹാരമായത്. ഈ മാസം 20ന് ഉച്ചക്ക് 12.30ന് ബംഗളൂരു കണ്ഠീരവ സ്റ്റേഡിയത്തിൽ സത്യപ്രതിജ്ഞാ ചടങ്ങ് നടക്കും. ഇന്ന് വൈകിട്ട് ഏഴ് മണിക്ക് നിയമസഭാകക്ഷി യോഗം വിളിച്ചിട്ടുണ്ട്. എല്ലാ എം.എൽ.എമാരും യോഗത്തിനെത്തണമെന്നാണ് നിർദേശം. ബംഗളൂരുവിൽ ചേരുന്ന നിയമസഭാകക്ഷി യോഗം സിദ്ധരാമയ്യയെ നേതാവായി തെരഞ്ഞെടുക്കും. ആഭ്യന്തരം, ജലസേചനം, ഊർജം ഉൾപ്പടെ പ്രധാന വകുപ്പുകൾ ശിവകുമാർ ആവശ്യപ്പെട്ടേക്കുമെന്നാണ് സൂചന. ധനകാര്യം സിദ്ധരമയ്യ കൈവശം വയ്ക്കും. സിദ്ധരാമയ്യക്കുള്ള ജനപ്രീതിയും വിവിധ സമുദയങ്ങൾക്കിടയിൽ ലഭിക്കുന്ന സ്വീകാര്യതയും കണക്കിലെടുക്കണമെന്ന ഹൈക്കമാൻഡ് നിർദേശം ശിവകുമാർ അംഗീകരിക്കുകയായിരുന്നു. മുഖ്യമന്ത്രി പദത്തിൽ ഇരുവരും തമ്മിൽ വീതം വയ്പ്പുണ്ടാവില്ല. കോൺഗ്രസ് ദേശീയ നേതൃത്വം മൂന്ന് ദിവത്തിലേറെയായി നടത്തിയ തുടർ ചർച്ചകൾക്കൊടുവിലാണ് ഇപ്പോൾ പരിഹാരം കണ്ടിരിക്കുന്നത്. സിദ്ധരാമയ്യയും ശിവകുമാറുമായി പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ, സോണിയ ഗാന്ധി, രാഹുൽ ഗാന്ധി, കെ.സി വേണുഗോപാൽ, രൺദീപ് സിങ് സുർജേവാല എന്നിവർ ചർച്ചകൾ നടത്തിയിരുന്നു.

---

## കെ.എസ്.ഇ.ബി നഷ്ടത്തിൽ

# ഇരുട്ടടിയാകുന്ന നിരക്ക് വർധന ഉണ്ടാകില്ല: മന്ത്രി



പാലക്കാട്: കെ.എസ്.ഇ.ബി നഷ്ടത്തിലായതിനാൽ കേരളത്തിൽ വൈദ്യുതി നിരക്ക് കൂട്ടേണ്ട സാഹചര്യമാണ് നിലവിലുള്ളതെന്നും എന്നാൽ, സാധാരണ ജനങ്ങൾക്ക് ഇരുട്ടടിയാകുന്ന നിരക്ക് വർധന ഉണ്ടാകില്ലെന്നും മന്ത്രി കെ.കൃഷ്ണൻകുട്ടി പറഞ്ഞു. വൈദ്യുതി നിരക്ക് കൂട്ടാൻ നടപടി തുടങ്ങിയിട്ടുണ്ട്. റെഗുലേറ്ററി കമ്മീഷൻ തെളിവെടുപ്പ് പൂർത്തിയാക്കി. യൂണിറ്റിന് 25 പൈസ മുതൽ 80 പൈസ വരെ കൂടിയേക്കും. ജൂലൈ ഒന്നുമുതൽ പ്രാബല്യത്തിൽ വരാൻ സാധ്യതയുണ്ട്. അഞ്ച് വർഷത്തേക്കുള്ള താരിഫ് വർധനക്കാണ് കെ.എസ്.ഇ.ബി നിർദേശങ്ങൾ സമർപ്പിച്ചത്. നാല് മേഖലകളായി തിരിച്ച് വിശദമായ തെളിവെടുപ്പ് നടത്തി. കൂടുതൽ വിവരശേഖരണത്തിന്റെ ആവശ്യം വരുന്നില്ലെന്ന് കമ്മീഷൻ വിലയിരുത്തിയതോടെയാണ് നിരക്ക് വർധനക്ക് കളമൊരുങ്ങുന്നത്. ഏപ്രിൽ ഒന്നിനായിരുന്നു പുതിയ നിരക്കുകൾ നിലവിൽ വരേണ്ടത്. നടപടി ക്രമങ്ങളിലുണ്ടായ കാലതാമസം കാരണം പഴയ താരിഫ് ജൂൺ 30 വരെ തുടരാൻ റെഗുലേറ്ററി കമ്മീഷൻ അനുമതി നൽകുകയായിരുന്നു.

---

# തൃശൂരിൽ സ്വകാര്യ ബസും കാറും കൂട്ടിയിടിച്ച് അപകടം; 12 പേർക്ക് പരുക്ക്




തൃശൂർ: തൃശൂരിൽ വാഹനാപകടത്തിൽ 12 പേർക്ക് പരുക്ക്. സ്വകാര്യ ബസും കാറും കൂട്ടിയിടിച്ചാണ് അപകടമുണ്ടായത്. കുന്നംകുളം മഴുവഞ്ചേരിയിലാണ് സംഭവം. ഇന്ന് രാവിലെ 10 ഓടെയായിരുന്നു അപകടം.

കുന്നംകുളത്തു നിന്നും തൃശൂരിലേക്ക് പോവുകയായിരുന്ന 'അഖിൽ' എന്ന ബസാണ് അപകടത്തിൽപ്പെട്ടത്. കുന്നംകുളം- തൃശൂർ സംസ്ഥാന പാതയിൽ കേച്ചേരി മഴുവഞ്ചേരിയിൽ വച്ച് എതിരെ വന്ന ടാറ്റാ സുമോയുമായി കൂട്ടിയിടിച്ച ബസ് നിയന്ത്രണം നഷ്ടപ്പെട്ട് റോഡരികിലെ അടഞ്ഞുകിടന്നിരുന്ന കെട്ടിടത്തിലേക്ക് ഇടിച്ചു കയറുകയായിരുന്നു. അപകടത്തിൽ ബസ് യാത്രികരായ എട്ട് പേർക്കും ടാറ്റാ സുമോയിലെ നാലു പേരും ഉൾപ്പെടെ 12 പേർക്ക് പരുക്കേറ്റു. ആരുടെയും പരുക്ക് ഗുരുതരമല്ല. നാട്ടുകാരാണ് രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയത്. പരുക്കേറ്റവരെ തൃശൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

---

# തമിഴ് സംസ്കാരത്തിന്റെ അവിഭാജ്യഘടകം; ജെല്ലിക്കെട്ടിന് അനുമതിയെന്ന് സുപ്രീം കോടതി



ന്യൂഡൽഹി: തമിഴ് സംസ്കാരത്തിന്റെ അവിഭാജ്യഘടകമാണ് ജെല്ലിക്കെട്ടെന്ന് സുപ്രീം കോടതി. സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ ഭാഗമാണെന്ന് നിയമസഭ പ്രഖ്യാപിച്ചപ്പോൾ ജുഡീഷ്യറിക്ക് വ്യത്യസ്തമായ കാഴ്ചപ്പാട് സ്വീകരിക്കാനാവില്ലെന്നും നിയമ ഭേദഗതിക്ക് രാഷ്ട്രപതി അംഗീകാരം നൽകിയിട്ടുണ്ടെന്നതിനാൽ നിയമത്തിൽ ഇടപെടാനില്ലെന്നും കോടതി വ്യക്തമാക്കി.

അതിൽ തെറ്റുണ്ടെന് കണ്ടെത്താനായില്ലെന്നും സുപ്രീംകോടതി വ്യക്തമാക്കി. ജെല്ലിക്കെട്ട് സംരക്ഷിക്കുന്ന തമിഴ്നാട്, മഹാരാഷ്ട്ര സർക്കാരുകളുടെ നിയമത്തെ ചോദ്യം ചെയ്ത് മൃഗസ്നേഹികൾ നൽകിയ ഹർജിയിലാണ് വിധി.

ജെല്ലിക്കെട്ട് സുപ്രീം കോടതി റദ്ദാക്കിയെങ്കിലും ഇതിനെ മറിക്കടക്കാൻ നിയമം കൊണ്ടുവന്നിരുന്നു അനുഛേദം 29 (1) ഉൾപ്പെടുത്തി സംരക്ഷണം നൽകിയത് ഭരണഘടന വിരുദ്ധമാണെന്നായിരുന്നു ഹർജിക്കാരുടെ വാദം. ജസ്റ്റിസ് കെ.എം ജോസഫ് അധ്യക്ഷനായ ബെഞ്ചാണ് കേസിൽ വാദം കേട്ടത്. ജസ്റ്റിസ് അനിരുദ്ധാ ബോസാണ് വിധി പറഞ്ഞത്.

### കേസിന്റെ നാൾവഴി:

**2006 മാർച്ച് 2** : മദ്രാസ് ഹൈക്കോടതി ജെല്ലിക്കെട്ട് നിരോധിക്കുന്നു.

**2007 ജനുവരി 10** : ജെല്ലിക്കെട്ട് നടത്തിപ്പുകാർ കൊടുത്ത അപ്പീലിന്മേൽ സിംഗിൾ ബെഞ്ച് ഉത്തരവ്, ഡിവിഷൻ ബെഞ്ച് സ്റ്റേ ചെയ്യുന്നു.

**2007 മാർച്ച് 9** : ജെല്ലിക്കെട്ടിനു മാനദണ്ഡങ്ങൾ ഒരുക്കാൻ സംസ്ഥാന സർക്കാരിന് നിർദേശം.

**2007 ജൂലൈ 27** : ഹൈക്കോടതി വിധിയെ ചോദ്യം ചെയ്തുകൊണ്ട് എ.ഡബ്ല്യു.ബി സുപ്രീം കോടതിയിൽ. വിധി സ്റ്റേ ചെയ്യപ്പെടുന്നു.

**2009 ജൂലൈ 21** : ഡി.എം.കെ സർക്കാർ തമിഴ്നാട് ജെല്ലിക്കെട്ട് നിയന്ത്രണ നിയമം കൊണ്ടുവരുന്നു. ജെല്ലിക്കെട്ടിന് വീണ്ടും സാഹചര്യം.

**2011 ഏപ്രിൽ 8** : ഈ നിയമത്തെ പി.ഇ.ടി.എ സുപ്രീം കോടതിയിൽ ചോദ്യം ചെയ്യുന്നു.

**2011 ജൂലൈ 11** : കാളകളെ പ്രകടനങ്ങൾക്ക് ഉപയോഗിക്കുന്നത് നിരോധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**2014 മെയ് 7** : എ.ഡബ്ല്യു.ബി.ഐ, പി.ഇ.ടി.എ എന്നീ സംഘടനകൾ നൽകിയ ഹർജിയിന്മേൽ വാദം കേൾക്കുന്ന സുപ്രീം കോടതി, ജെല്ലിക്കെട്ട് വീണ്ടും നിരോധിക്കുന്നു.

**2017 ജനുവരി 23** : തമിഴ്നാട് സർക്കാർ ജെല്ലിക്കെട്ട് ബൽ കൊണ്ടുവരുന്നു. അതോടെ പി.സി.എ നിയമഭേദഗതി നടപ്പിൽ വരുന്നു, ജെല്ലിക്കെട്ട് നടത്താനുള്ള തടസ്സങ്ങൾ നീങ്ങുന്നു.

**2017 ജനുവരി 24** : ഈ ഭേദഗതിയെ എ.ഡബ്ല്യു.ബി.ഐ, പി.ഇ.ടി.എ എന്നീ സംഘടനകൾ സുപ്രീം കോടതിയിൽ വീണ്ടും ചോദ്യം ചെയ്യുന്നു.

**2018 ഫെബ്രുവരി 2** : സുപ്രീം കോടതി ജെല്ലിക്കെട്ട് സംബന്ധിച്ച എല്ലാ കേസുകളും ഭരണഘടനാ ബെഞ്ചിന് വിടുന്നു.

---

# രാജ്യത്ത് ഒരു വർഷംകൊണ്ട് റദ്ദാക്കിയത് 36.16 ലക്ഷം വ്യാജ സിം കാർഡുകൾ

## ഏറ്റവുമധികം ബംഗാളിൽ, കേരളത്തിൽ റദ്ദാക്കിയത് 9,606 സിമ്മുകൾ

ന്യൂഡൽഹി: ഇന്ത്യയിൽ ഒരു വർഷം കൊണ്ട് റദ്ദാക്കിയത് 36.61 ലക്ഷം വ്യാജ സിം കാർഡുകൾ. ബംഗാളിൽ മാത്രം 12.34 ലക്ഷം സിം കാർഡുകൾ റദ്ദാക്കി. കേരളത്തിൽ ഏതാണ്ട് ഒമ്പതിനായിരത്തോളം വ്യാജ സിം കാർഡുകൾ റദ്ദാക്കിയിട്ടുണ്ട്. സൈബർ തട്ടിപ്പുകൾക്ക് വേണ്ടിയാണ് വ്യാപകമായി ഇത്തരം സിം കാർഡുകൾ ഉപയോഗിക്കുന്നത്. കേന്ദ്ര ടെലികോം വകുപ്പിന്റെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനമായ 'അസ്ത്ര്' (ASTR) ഉപയോഗിച്ചാണ് മുപ്പത്തിയാറര ലക്ഷം സിം കാർഡുകൾ രാജ്യത്ത് റദ്ദാക്കിയത്. കേരളത്തിൽ മാത്രം 3.56 കോടി സിം കാർഡുകൾ അസ്ത്ര് വഴി പരിശോധിച്ചു. ഇതിൽ 11,642 സിം കാർഡുകൾ മാത്രമാണ് സംശയാസ്പദം എന്ന രീതിയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്. അതിൽ നിന്നാണ് പരിശോധനയ്ക്ക് ശേഷം 9,606 എണ്ണം റദ്ദാക്കിയത്. 87 കോടി സിംകാർഡുകളുടെ വിവരങ്ങൾ ആണ് അസ്ത്ര് വഴി ടെലികോം ഡിപ്പാർട്ട്മെന്റ് പരിശോധിച്ചത്. വ്യാജ സിം കാർഡ് വിറ്റ ഏഴ് സ്ഥാപനങ്ങളെ (പോയിന്റ് ഓഫ് സെയിൽ) കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ബംഗാൾ (12.34 ലക്ഷം) ആണ് വ്യാജ സിം കാർഡിൽ മുന്നിൽ. ഹരിയാന (5.24 ലക്ഷം), ബിഹാർ, ജാർഖണ്ഡ് (3.27 ലക്ഷം), മധ്യപ്രദേശ് (2.28 ലക്ഷം), യു.പി (2.04 ലക്ഷം), ഗുജറാത്ത് (1.29 ലക്ഷം) തുടങ്ങിയവയാണ് തൊട്ടുപിന്നിൽ. സിം കാർഡ് എടുക്കാനായി ഉപഭോക്താക്കൾ ടെലികോം കമ്പനികൾക്ക് നൽകുന്ന വിവരങ്ങൾ അസ്ത്ര് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനം ഉപയോഗിച്ച് വേർതിരിക്കും. ഇതിൽ സാമ്യമുള്ളവരെ ഒരുമിച്ച് ലിസ്റ്റ് ചെയ്യും മുഖങ്ങൾ തമ്മിൽ കുറഞ്ഞ് 97.5 ശതമാനം സാമ്യം ഉണ്ടോ എന്ന് പരിശോധിക്കും. ഒരു കോടി ചിത്രങ്ങൾ എടുത്താൽ പത്ത് സെക്കന്റ് കൊണ്ടാണ് അതിൽ സാമ്യമുള്ള ചിത്രങ്ങൾ എത്രയുണ്ടെന്ന് അസ്ത്ര് കണ്ടെത്തുക. ഇതിനൊപ്പം കെ.വൈ.സി രേഖകളും ഒത്ത് നോക്കി ഒരേ ആളുകൾ എടുത്ത സിംകാർഡ് കണ്ടെത്തും. പേരുകളും വിവരങ്ങളും പലപ്പോഴും വ്യത്യസ്തമായിരിക്കും. അതീവ സൂക്ഷ്മമായ പരിശോധനയിൽ മാത്രമേ വ്യാജ സിംകാർഡുകൾ കണ്ടെത്താൻ സാധിക്കുകയുള്ളൂ. ഇത്തരം ഈ നമ്പറുകളിലുള്ള അക്കൗണ്ട് നീക്കം ചെയ്യാൻ വാട്സ് ആപും സമ്മതിച്ചിട്ടുണ്ട്.

## യുവാവിനെ കുത്തിക്കൊലപ്പെടുത്തിയ കേസ്

# പ്രതിക്ക് ഇരട്ടജീവപര്യന്തവും മൂന്നുലക്ഷം രൂപ പിഴയും

തലശ്ശേരി: കേളകം ബീവറേജസ് ഔട്ട്ലെറ്റിനു മുൻവശത്ത് വച്ച് യുവാവിനെ കുത്തിക്കൊലപ്പെടുത്തിയ കേസിൽ പ്രതിക്ക് ഇരട്ടജീവപര്യന്തവും മൂന്നുലക്ഷം രൂപ പിഴയും വിധിച്ചു. ശാന്തിഗിരി സ്വദേശിയും കേളകത്തെ താമസക്കാരനുമായ ടി.എം ഷൈജുവിനെ (41) ആണ് തലശ്ശേരി മൂന്നാം അഡീഷണൽ ജില്ലാ സെഷൻസ് ജഡ്ജ് റൂബി കെ.ജോസ് ശിക്ഷിച്ചത്.


ടി.എം ഷൈജു

കണിച്ചാറിലെ വരമ്പക്കുനിയിൽ സത്യനെ (43) ആണ് പ്രതി കുത്തിക്കൊലപ്പെടുത്തിയത്. ഈസമയം കൂടെയുണ്ടായിരുന്ന കേളകത്തെ പിടക്കപ്പൊയിൽ എൽദോവിനും (45) ആക്രമത്തിൽ ഗുരുതരമായി പരുക്കേറ്റിരുന്നു. രണ്ടാം അഡീഷണൽ ജില്ലാ കോടതി മുമ്പാകെ വിചാരണ ആരംഭിച്ച കേസ് പ്രതിഭാഗത്തിന്റെ ഹർജിയെ തുടർന്നാണ് മൂന്നാം അഡീഷണൽ ജില്ലാ കോടതി മുമ്പാകെ മാറ്റിയത്. 2010 ഡിസംബർ 24ന് ഉച്ചക്ക് ഒന്നരയോടെ കേളകത്തെ ബീവറേജ് മദ്യവിൽപ്പനശാലക്ക് മുന്നിൽ വെച്ചാണ് സംഭവം.

മദ്യം വാങ്ങാനായി എത്തിയ കണിച്ചാറിലെ വരമ്പക്കുനിയിൽ സത്യൻ (43) കുത്തേറ്റ് മരിക്കുകയും സംഭവസ്ഥലത്തുണ്ടായ കേളകത്തെ പിടക്കപ്പൊയിൽ എൽദോ (46)വിന് കുത്തേറ്റ് ഗുരുതരമായി പരുക്കേൽക്കുകയും ചെയ്തുവെന്നുമാണ് കേസ്. അന്നത്തെ കേളകം എസ്.ഐ ശിവദാസിന്റെ പരാതി പ്രകാരമാണ് പോലിസ് പ്രാഥമിക വിവരം രേഖപ്പെടുത്തിയത്.

പോസ്റ്റ് മോർട്ടം നടത്തിയ ഫോറൻസിക് സർജൻ ഡോ.എസ്.ഗോപാലകൃഷ്ണപിള്ള, ഡോ.ചന്ദ്രശേഖരൻ, ഡോ.സൗമ്യ നമ്പ്യാർ, ഡോ.അജയകുമാർ, കെ.എസ്.ഇ.ബി. ഓവർസിയർ ആയിരുന്ന കെ.പ്രകാശൻ, പോലിസ് ഓഫിസർമാരായ അഗസ്ത്യൻ ജോൺ, കെ.ആന്റണി ,പ്രകാശൻ പടന്നയിൽ, ജോഷി ജോസഫ്, സി. ചന്ദ്രൻ തുടങ്ങി 28 പേരാണ് പ്രോസിക്യൂഷൻ സാക്ഷികൾ. പ്രോസിക്യൂഷന് വേണ്ടി അഡീഷണൽ ഡിസ്ട്രിക്ട് ഗവ. പ്ലീഡർ അഡ്വ.കെ.പി. ബിനിഷയും, പിന്നീട് അഡീഷണൽ ജില്ലാ ഗവ. പ്ലീഡറായി ചുമതലയേറ്റ അഡ്വ.കെ.രൂപേഷുമാണ് ഹാജരായത്.

# ഇന്ത്യയിൽ ഏറ്റവും ഗുണനിലവാരമുള്ള പാൽ ഉൽപ്പാദിപ്പിക്കുന്നത് മലബാറിൽ; നിദാനമായത് മിൽമ

കോഴിക്കോട്: രാജ്യത്ത് ഏറ്റവും ഗുണനിലവാരമുള്ള ശുദ്ധമായ പാൽ ഉൽപ്പാദിപ്പിക്കുന്നത് മലബാറിലെ ക്ഷീര കർഷകരാണെന്നും അതിന് നിദാനമായത് മലബാർ മിൽമയാണെന്ന് മിൽമ ചെയർമാൻ കെ.എസ് മണി വാർത്താസമ്മേളനത്തിൽ പറഞ്ഞു. ദേശീയ മൃഗസംരക്ഷണ വകുപ്പ് പുറത്തുവിട്ട കണക്കുകളിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. വകുപ്പിന്റെ കണക്കു പ്രകാരം മലബാറിലെ ക്ഷീര കർഷകരിൽ നിന്നും മിൽമ സംഭരിക്കുന്ന പാലിന്റെ ശരാശരി അണു ഗുണനിലവാരം 204 മിനിറ്റായി ഉയർന്നു. അടുത്ത സാമ്പത്തിക വർഷം 236 മിനിറ്റായി ഉയർത്തുകയാണ് ലക്ഷ്യം. 190 മിനിറ്റ്, 180 മിനിറ്റ് എന്നീ ക്രമത്തിൽ അണു ഗുണനിലവാരത്തിൽ രണ്ടും മൂന്നും സ്ഥാനത്തുള്ളത് കർണാടകയും പഞ്ചാബുമാണ്. തമിഴ്നാട് 80, ആന്ധ്ര പ്രദേശ് 30, ഗുജറാത്ത് 90, ഹിമാചൽ പ്രദേശ് 60, മഹാരാഷ്ട്ര 60, മണിപ്പൂർ 60, മേഘാലയ 120, ബീഹാർ 60, ജമ്മു ആന്റ് കാശ്മീർ 90, നാഗലാന്റ് 60, ഒഡീഷ 60, രാജസ്ഥാൻ 120, സിക്കിം 60 എന്നിങ്ങനെയാണ് യഥാക്രമം മറ്റു സംസ്ഥാനങ്ങളിൽ ഉൽപാദിപ്പിക്കുന്ന പാലിന്റെ അണു ഗുണനിലവാരം.


മിൽമ അധികാരികൾ വിളിച്ചു ചേർത്ത വാർത്താസമ്മേളനത്തിൽ നിന്ന്

കേരളത്തെ അപേക്ഷിച്ച് രാജ്യത്തെ മറ്റു സംസ്ഥാനങ്ങൾ മേച്ചിൽ പുറങ്ങളാലും പച്ചപ്പുല്ലു കൊണ്ടും സുലഭമാണ്. എന്നിട്ടും കേരളം മികച്ച പാലുൽപാദിപ്പിച്ച് സ്വയംപര്യാപ്തതയിലേക്കു കാൽ വെയ്ക്കുകയാണ്. ക്ഷീര കർഷകർക്ക് സഹായധനം നൽകി അവരുടെ ക്ഷേമം ഉറപ്പാക്കിക്കൊണ്ട് പാലിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാൻ മലബാർ മിൽമ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമാണ് ഈ നേട്ടമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.2022-23 സാമ്പത്തിക വർഷത്തിൽ 1041.47 കോടി രൂപയാണ് മിൽമ മലബാറിലെ ക്ഷീര കർഷകർക്ക് പാൽ വിലയായി നൽകിയത്. ഇത് കൂടാതെ അധികപാൽ വിലയായി 29.16 കോടി രൂപയും കാലിത്തീറ്റ സബ്സിഡിയായി 7.65 കോടി രൂപയും ക്ഷീര കർഷക ക്ഷേമനിധിയിലേയ്ക്ക് 7.79 കോടി രൂപയും, ക്ഷീര കർഷകർക്കുള്ള ഗ്രൂപ്പ് ഇൻഷൂറൻസ്, കൊടും വേനലിൽ പാലു കുറയുന്നതിനു സമാനമായി

കർഷകനു ആശ്വാസ ധനം ലഭ്യമാക്കുന്ന ഇൻഷൂറൻസിനും മറ്റ് വിവിധതരം കർഷക ക്ഷേമ പ്രവർത്തനങ്ങൾക്കുമായി 15.01 കോടി രൂപയും ചേർത്ത് മൊത്തം ആകെ കഴിഞ്ഞ സാമ്പത്തിക വർഷം 1101.08 കോടി രൂപ മേഖലാ യൂണിയൻ ക്ഷീര കർഷകർക്ക് ലഭ്യമാക്കി. ഇത് മലബാർ മേഖലാ യൂണിയന്റെ ചരിത്രത്തിലെ സർവ്വകാല റെക്കോർഡാണ്.

കൃഷി വ്യാപകമാക്കി തീറ്റപ്പുല്ല്, സൈലേജ് എന്നിവ സബ്സിഡി നിരക്കിൽ മലബാറിലെ കർഷകർക്ക് മിൽമ നൽകി. മൂന്ന് കോടി കിലോഗ്രാം പുല്ലാണ് അയൽ സംസ്ഥാനങ്ങളിൽ നിന്നും മലബാറിലെ ക്ഷീര കർഷകർക്ക് കഴിഞ്ഞ വർഷം ലഭ്യമാക്കിയത്, 1198 ക്ഷീര സംഘങ്ങളിൽ 240-ഓളം ക്ഷീര സംഘങ്ങൾ പാൽ തണുപ്പിച്ച് സൂക്ഷിക്കുന്നതിന് ആവശ്യമായ നൂതന കൂളർ സംവിധാനത്തോടുകൂടിയാണ് പ്രവർത്തിക്കുന്നത്. ഇതിൽ 62 ക്ഷീര സംഘങ്ങൾ അന്താരാഷ്ട്ര ഫുഡ് സേഫ്റ്റി മാനേജ്മെന്റ് സിസ്റ്റത്തിൽ പ്രവർത്തിച്ച് പാലിന്റെ ഗുണനിലവാരത്തിൽ വലിയ മാറ്റം കൊണ്ടുവരാൻ പ്രാപ്തമായ പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്. മലബാർ മേഖലയിൽ ആറ് ജില്ലകളിലായി 14 ക്വാളിറ്റി അഷ്വറൻസ് ടെക്നീഷ്യൻമാർ ഉൾപ്പെട്ട 14 സഞ്ചരിക്കുന്ന മൊബൈൽ ലബോറട്ടറികൾ പ്രവർത്തിച്ചു വരുന്നു. കർഷക തലത്തിലും ക്ഷീര സംഘം തലത്തിലും പാലിന്റെ അണുഗുണനിലവാരം, സൊമാറ്റിക്സ് സെൽ കണ്ടന്റ്. പൂപ്പൽ വിഷം, പാലിന്റെ ആന്റിബയോട്ടിക് സാന്നിദ്ധ്യം മറ്റ് കെമിക്കലുകളുടെ സാന്നിദ്ധ്യംഎന്നിങ്ങനെ നിരവധിയായ പരിശോധനകൾ ദിവസംതോറും നടത്തിയാണ് ശുചിയായ പാൽ സംഭരണം മിൽമ ഉറപ്പാക്കുന്നത്. മിൽമയുടെ ഉദ്ദേശലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിൽ ദൃഢ നിശ്ചയത്തോടെ ഒപ്പം നിന്നത് മലബാറിലെ ക്ഷീര കർഷകരാണ്. ഈ നേട്ടം അവരുടേതു കൂടിയാണ്. ഗുണമേന്മ ഇനിയും വർദ്ധിപ്പിക്കുവാൻ മിൽമ പദ്ധതികളും സഹായങ്ങളും ആവിഷ്ക്കരിച്ചു നടപ്പാക്കുമെന്ന് മലബാർ മിൽമ മാനേജിംഗ് ഡയരക്ടർ ഡോ.പി.മുരളിയും പറഞ്ഞു. വാർത്താസമ്മേളനത്തിൽ ജനറൽ മാനേജർ കെ.സി.ജെയിംസ്, മാർക്കറ്റിംഗ് മാനേജർ സജീഷ് എം. എന്നിവരും പങ്കെടുത്തു.

# കുടുംബശ്രീ കേരള ചിക്കൻ പദ്ധതിക്ക് പുതിയ മുഖം; പൗൾട്രി പ്രോസസിങ്ങ് പ്ലാന്റ് ഉദ്ഘാടനം നാളെ

തിരുവനന്തപുരം: കുടുംബശ്രീ കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ കഠിനംകുളത്ത് നിർമാണം പൂർത്തിയായ കേരള ചിക്കൻ പൗൾട്രി പ്രോസസിങ്ങ് പ്ലാന്റ് പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. ചിറയിൻകീഴ് എം.എൽ.എ വി.ശശി അധ്യക്ഷത വഹിക്കും. അടൂർ പ്രകാശ് എം.പി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.ഡി.സുരേഷ്കുമാർ എന്നിവർ മുഖ്യാതിഥികളായിരിക്കും. കേരള ചിക്കൻ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് സി.ഇ.ഒയും കുടുംബശ്രീ പ്രോഗ്രാം ഓഫിസറുമായ ഡോ.സജീവ് കുമാർ.എ പദ്ധതി വിശദീകരണം നടത്തും. പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതു വഴി ശാസ്ത്രീയമായി സംസ്കരിച്ച് ശീതീകരിച്ച കോഴിയിറച്ചിയും മൂല്യവർധിത ഉൽപന്നങ്ങളും വിപണിയിലെത്തിക്കാൻ സാധിക്കും. വിവിധ യന്ത്രങ്ങളുടെ സഹായത്തോടെ ശാസ്ത്രീയമായി സെമി ഓട്ടോമേറ്റഡ് ഫൗൾട്രി പ്രോസസിങ്ങ് ലൈനിലായിരിക്കും കോഴിയിറച്ചിയുടെ സംസ്കരണം നടത്തുക. ഗുണമേൻമ ഉറപ്പു വരുത്തിയ ഉൽപന്നങ്ങൾ 'കുടുംബശ്രീ കേരള ചിക്കൻ' എന്ന ബ്രാൻഡിൽ സൂപ്പർമാർക്കറ്റുകൾ വഴി വിപണനം ചെയ്യാനാണ് ആദ്യഘട്ട തീരുമാനം. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, പ്രിൻസിപ്പൽ സെക്രട്ടറി ഡോ.ഷർമ്മിള മേരി ജോസഫ്, മൃഗ സംരക്ഷണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പ്രണബ്ജ്യോതിനാഥ് ഐ.എ.എസ്, ജില്ലാകലക്ടർ ജെറോമിക് ജോർജ്, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഹരിപ്രസാദ്, കഠിനംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അജിത അനി, കണിയാപുരം ഡിവിഷൻ ജില്ലാ പഞ്ചായത്ത് മെമ്പർ ഉനൈസ അൻസാദ്, തുമ്പ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ഫ്രാൻസിസ് ജെഫെയ്സൺ, കെപ്കോ മാനേജിങ്ങ് ഡയരക്ടർ ഡോ.പി.സെൽവ കുമാർ, ബി.ഡി.എസ് ചെയർമാൻ പി.കെ സുരേഷ്, ചീഫ് എൻവയോൺമെന്റൽ എൻജിനീയർ ശ്രീകല.എസ്, റീജിയണൽ ഫയർ ഓഫീസർ പി.ദിലീപൻ, ഫാക്ടറീസ് ആൻഡ് ബോയ്ലേഴ്സ് ഇൻസ്പെക്ടർ പ്രിജി.എസ്.ദാസ്, കഠിനംകുളം എസ്.എച്ച്.ഒ സാജു ആന്റണി, കഠിനംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി രാജേഷ്.കെ, വാർഡ് മെമ്പർ റീത്ത റിക്സൺ, സി.ഡി.എസ് അധ്യക്ഷ റൂബി നൗഷാദ് എന്നിവർ ആശംസകൾ നേരും. കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ഡോ.ബി.നജീബ് സ്വാഗതവും കെ.ബി.എഫ്.പി.സി.എൽ സചിത്ര ബാബു നന്ദിയും പറയും.





മെഡിക്കൽ കോളേജിന് വി.കെ.സി നിർമിച്ചു നൽകിയ പ്രത്യേക 500 ജോഡി പാദരക്ഷകൾ മുൻ എം.എൽ.എ പ്രദീപ് കുമാർ മെഡിക്കൽ കോളജ് അധികൃതർക്ക് കൈമാറുന്നു

# മെഡിക്കൽ കോളേജിന് വി.കെ.സി 500 ജോഡി പ്രത്യേക പാദരക്ഷകൾ നൽകി

കോഴിക്കോട്: കോഴിക്കോട് ഗവ. മെഡിക്കൽ കോളജിന് വി.കെ.സി ഗ്രൂപ്പ് പ്രത്യേകമായി രൂപകൽപ്പന ചെയ്ത 500 ജോഡി പാദരക്ഷകൾ നൽകി. മെഡിക്കൽ കോളജിലെ വിവിധ ഓപറേഷൻ തീയറ്ററുകളിൽ ഡോക്ടർമാർക്കും നഴ്സുമാർക്കും ഉപയോഗിക്കാവുന്ന പ്രത്യേക ഇൻഡോർ പാദരക്ഷകളാണ് വി.കെ.സിയുടെ സാമൂഹിക പ്രതിബദ്ധതാ പദ്ധതിയുടെ ഭാഗമായി നിർമിച്ചു നൽകിയത്. ഇവ മുൻ എം.എൽ.എ പ്രദീപ് കുമാർ മെഡിക്കൽ കോളജ് അധികൃതർക്കു കൈമാറി. ആശുപത്രി സൂപ്രണ്ട് ഡോ. എം.പി ശ്രീജയൻ, ആശുപത്രി വികസന കമ്മറ്റി അംഗങ്ങളായ എം. മുരളീധരൻ, സൂര്യ ഗഫൂർ, വി.കെ.സി ഡയരക്ടർ പ്രേംരാജ്, സൂപ്പർവൈസർ ബിജിലേഷ് തുടങ്ങിയവർ പങ്കെടുത്തു.



സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികാഘോഷത്തിലെ എന്റെ കേരളം പ്രദർശന വിപണന മേളയിൽ ഇറിഗേഷൻ വകുപ്പ് ഒരുക്കിയ കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ സ്റ്റാൾ

# കേരളീയസമൂഹം 'വണിക്' സംഘങ്ങളായി മാറുന്നു: എൻ.ശശിധരൻ

തലശ്ശേരി: കേരളീയ സമൂഹം ഇന്ന് 'വണിക് ' സംഘങ്ങളായി മാറുകയാണെന്നും, അധികാരത്തിന്റെ തലത്തിൽ ബന്ധപ്പെട്ടാണ് പലരും പൊതുപ്രവർത്തനം തന്നെ നടത്തുന്നതെന്നും സമൂഹത്തിൽ നിന്നുള്ള പാഠങ്ങൾ ഉൾക്കൊള്ളാതെ, അധികാരത്തിന്റെ വക്താക്കളാകാൻ വ്യഗ്രത കാട്ടുമ്പോൾ നമ്മൾ ഫാസിസത്തിന്റെ പ്രയോക്താക്കളാവുകയാണെന്നും നാടകക്കാരനും പ്രമുഖ സാഹിത്യ നിരൂപകനുമായ എൻ.ശശിധരൻ അഭിപ്രായപ്പെട്ടു.

സാമൂഹ്യ അകലത്തിന്റെ ദൈർഘ്യം കൂടിക്കൂടി വരികയാണ്. ഗാന്ധിവധം നടത്തിയ ആൾക്ക് അമ്പലം പണിയുന്ന രാജ്യത്താണ് നാം ജീവിക്കുന്നത്. ചിന്തകനും ഗ്രാൻമ തിയേറ്ററിന്റെ ഉപജ്ഞാതാവുമായ എ.വി രത്നാകരൻ മാസ്റ്ററുടെ മരത്തണലിൽ എന്ന മനഃശ്ശാസ്ത്ര ദാർശനിക വിജ്ഞാന ഗ്രന്ഥത്തിന്റെ മൂന്നാം പതിപ്പിന്റെ പ്രകാശനചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. തലശ്ശേരി പഴയ ബസ് സ്റ്റാന്റിലെ ക്ഷീരഭവൻ ഹാളിൽ നടന്ന ചടങ്ങിൽ ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് മുകുന്ദൻ മഠത്തിൽ അധ്യക്ഷത വഹിച്ചു. സി.കെ രമേശൻ ഗ്രന്ഥം ഏറ്റുവാങ്ങി. പി.ആർ വസന്തകുമാർ, അഡ്വ.കെ. സത്യൻ, ചാലക്കര പുരുഷു, ബിജു പുതുപ്പണം, സുരാജ് ചിറക്കര, ഭാസ്ക്കരൻ കൂരാറത്ത്, പി. പ്രകാശൻ സംസാരിച്ചു.



എ.വി രത്നാകരൻ മാസ്റ്ററുടെ 'മരത്തണലിൽ' എന്ന മനഃശ്ശാസ്ത്ര ദാർശനിക വിജ്ഞാന ഗ്രന്ഥത്തിന്റെ മൂന്നാം പതിപ്പിന്റെ പ്രകാശനം പ്രമുഖ സാഹിത്യ നിരൂപകനായ എൻ.ശശിധരൻ നിർവഹിക്കുന്നു. സി.കെ രമേശൻ ഏറ്റുവാങ്ങുന്നു





1. കുടുംബശ്രീ രജത ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുന്ന മുഖ്യമന്ത്രി പിണറായി വിജയൻ 2. 'ഒപ്പം-കൂടെയുണ്ട് കരുതലോടെ' ക്യാമ്പെയ്നിൽ മികച്ച പ്രകടനം കാഴ്ച വച്ച കോഴിക്കോട് കോർപറേഷനുള്ള പുരസ്കാരം മുഖ്യമന്ത്രിയിൽ നിന്ന് കോഴിക്കോട് മേയർ ബീന ഫിലിപ് ഏറ്റുവാങ്ങുന്നു. മന്ത്രിമാരായ ഡോ.ആർ.ബിന്ദു, വി.ശിവൻകുട്ടി, അഡ്വ.ആന്റണി രാജു, എം.ബി.രാജേഷ് എന്നിവർ സമീപം

## കുടുംബശ്രീ രജത ജൂബിലി ആഘോഷങ്ങൾക്ക് സാർത്ഥകമായ പരിസമാപ്തി

# കേരളത്തിലെ സ്ത്രീകളെ സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്നതിൽ കുടുംബശ്രീ നട്ടെല്ലായി പ്രവർത്തിച്ചു: മുഖ്യമന്ത്രി

തിരുവനന്തപുരം: സ്ത്രീശാക്തീകരണത്തിന്റെ മുഖശ്രീയായ കുടുംബശ്രീയുടെ രജത ജൂബിലി ആഘോഷങ്ങൾക്ക് അനന്തപുരിയുടെ മണ്ണിൽ നിറപ്പകിട്ടാർന്ന പരിസമാപ്തി. തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്തേക്ക് ഒഴുകിയെത്തിയ പതിനായിരത്തോളം പേരെ സാക്ഷി നിർത്തി കുടുംബശ്രീ രജത ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചപ്പോൾ അത് പെൺകരുത്തിന്റെ വഴികളിൽ പുതിയൊരു ചരിത്രമായി.

കേരളത്തിലെ സ്ത്രീകളെ സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്നതിൽ കുടുംബശ്രീ നട്ടെല്ലായി പ്രവത്തിച്ചുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കുടുംബശ്രീ രജത ജൂബിലി സമാപന ആഘോഷങ്ങളോടനുബന്ധിച്ച് കുടുംബശ്രീ ദിന പ്രഖ്യാപനം, റേഡിയോശ്രീ ഉദ്ഘാടനം എന്നിവ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

മൂന്നു ലക്ഷത്തിലേറെ അയൽക്കൂട്ടങ്ങളിലായി 46.16 ലക്ഷം വനിതകൾ അംഗങ്ങളായ കുടുംബശ്രീ, ദാരിദ്ര്യ നിർമാർജനത്തിൽ കേരളത്തെ മറ്റു സംസ്ഥാനങ്ങളെക്കാൾ ബഹുദൂരം മുന്നിലെത്തിക്കുന്നതിൽ സവിശേഷമായ പങ്കു വഹിച്ചു. ഉൽപാദന സേവന മേഖലകളിലായി 1,08,464 സംരംഭങ്ങളും 90,242 കൃഷി സംഘങ്ങളിലൂടെ 33,172.06ഹെക്ടർ സ്ഥലത്ത് കൃഷിയും കൂടാതെ 60,625 പേർ മൃഗസംരക്ഷണ മേഖല വഴിയും ഉപജീവനം കണ്ടെത്തുന്നു. സംരംഭ വികസനം, നൈപുണ്യ വികസനം, തൊഴിൽ പരിശീലനം എന്നീ മേഖലകളിൽ സമഗ്രമായ മുന്നേറ്റമാണ് കുടുംബശ്രീയുടേത്. പണത്തിന്റെ അഭാവം മാത്രമല്ല, സ്ത്രീകൾക്കിടയിലെ ദാരിദ്ര്യം, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, ജനാധിപത്യപരമായ അവകാശങ്ങളുടെ നിഷേധം എന്നിവയും അവരുടെ ദാരിദ്യമാണ്.

സ്ത്രീകളുടെ ഉന്നമനം സമൂഹത്തിന്റെയാകെ ഉന്നമനത്തിന് അനിവാര്യമാണെന്ന് മനസിലാക്കി ഇത്തരം ദാരിദ്ര്യാവസ്ഥകളെ മറികടക്കാനുള്ള സാമൂഹിക സംഘടനാ സംവിധാനം സജ്ജമാക്കുകയാണ് കുടുംബശ്രീ ചെയ്തത്. സാമൂഹ്യ കൂട്ടായ്മയിലൂടെ അവകാശങ്ങൾ നേടിയെടുക്കുക എന്നതിൽ ഊന്നിക്കൊണ്ടാണ് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ തുടക്കം മുതൽ നടപ്പാക്കുന്നത്. ദാരിദ്ര്യ നിർണയത്തിന്റെ എല്ലാ സൂചികകളിലും രാജ്യത്ത് ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളത്തെ അടയാളപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ രാജ്യത്ത് ഏറ്റവും കുറഞ്ഞ ദാരിദ്ര്യമുള്ള സംസ്ഥാനമായി മാറുന്നതിൽ കേരളത്തിന് മികച്ച പിന്തുണ നൽകാൻ കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ട്. അതിദാരിദ്ര്യ സർവേയിലൂടെ കണ്ടെത്തിയ 64,006 കുടുംബങ്ങളെയും 2025 നവംബർ ഒന്നിനകം ദാരിദ്ര്യത്തിൽ നിന്നും മോചിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ഇനിയുള്ള നാളുകളിൽ കേരളം ഏറ്റെടുക്കുക.

കുടുംബശ്രീയുടെ പൂർണപങ്കാളിത്തം ഇതിനായി പ്രയോജനപ്പെടുത്തുന്നതോടൊപ്പം എല്ലാ വകുപ്പുകളുമായുള്ള ഏകോപനവും ഇതിനായി ഉപയോഗിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ബെസ്റ്റ് സി.ഡി.എസ് അവാർഡ് നേടിയ ആലപ്പുഴ കഞ്ഞിക്കുഴി സി.ഡി.എസ്, വയനാട് വെള്ളമുണ്ട സി.ഡി.എസ്, തിരുവനന്തപുരം കോട്ടുകാൽ സി.ഡി.എസ്, പാലക്കാട് ശ്രീകൃഷ്ണപുരം സി.ഡി.എസ്, ഇടുക്കിമറയൂർ സി.ഡി.എസ്, 'ഒപ്പം-കൂടെയുണ്ട് കരുതലോടെ ക്യാമ്പെയ്നിൽ മികച്ച പ്രകടനം കാഴ്ച വച്ച കോഴിക്കോട് കോർപ്പറേഷനും മുഖ്യമന്ത്രി പുരസ്കാരം വിതരണം ചെയ്തു.

ആധുനിക കേരളത്തിലെ സ്ത്രീജീവിത ചരിത്രത്തിന് കുടുംബശ്രീ നൽകിയ സംഭാവനകൾ മഹത്തരമാണെന്ന് തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.ബി.രാജേഷ് അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. കാൽ നൂറ്റാണ്ടു കൊണ്ട് ദാരിദ്ര്യ നിർമാർജനമെന്ന ലക്ഷ്യം വിജയകരമായി പൂർത്തിയാക്കാൻ കുടുംബശ്രീക്ക് സാധിച്ചു. വരുമാന വർധനവ് ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളുമായി കുടുംബശ്രീ മുന്നോട്ടു പോകണം. വരും വർഷങ്ങളിൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ വരുമാനം വർധിപ്പിക്കാൻ ഇതിലൂടെ സാധിക്കും. പെൺകരുത്തിന്റെ മഹാ പ്രസ്ഥാനമായ കുടുംബശ്രീയുടെ അരക്കോടി വരുന്ന അംഗങ്ങളുടെ കൈയ്യൊപ്പ് എല്ലാ മേഖലകളിലും പ്രകടമാണെന്നും മന്ത്രി വ്യക്തമാക്കി.

കുടുംബശ്രീ മുദ്രഗീതം പ്രകാശനം, മുദ്രഗീത രചന നിർവഹിച്ച ശ്രീകല ദേവയാനത്തിനുള്ള അവാർഡ് വിതരണവും അദ്ദേഹം നിർവഹിച്ചു.കുടുംബശ്രീയുടെ കാൽനൂറ്റാണ്ടിന്റെ ചരിത്രം മാറ്റത്തിന്റെ ചരിത്രമാണെന്നും സ്ത്രീശാക്തീകരണം പ്രാവർത്തികമാക്കുന്നതിൽ കുടുംബശ്രീ വഹിച്ച പങ്ക് നിർണായകമാണെന്നും പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ പറഞ്ഞു. കുടുംബശ്രീയുടെ പുതുക്കിയ ലോഗോയുടെ പ്രകാശനവും അദ്ദേഹം നിർവഹിച്ചു. കുടുംബശ്രീ വനിതകളുടെ കവിതകൾ ഉൾപ്പെടുത്തിയ 'നിലാവ് പൂക്കുന്ന വഴികൾ' പുസ്തക പ്രകാശനം മുൻ എം.പി സുഭാഷിണി അലി, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.ഷർമ്മിള മേരി ജോസഫിന് നൽകി പ്രകാശനം ചെയ്തു.

രജത ജൂബിലിയോടനുബന്ധിച്ച് പോസ്റ്റൽ വകുപ്പ് പുറത്തിറക്കിയ പോസ്റ്റൽ കവർ, പോസ്റ്റൽ വകുപ്പ് ഡയരക്ടർ അലക്സിൻ ജോർജ് പ്രകാശനം ചെയ്ത് മന്ത്രി എം.ബി രാജേഷിന് കൈമാറി. മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി ഓൺലൈനായി ആശംസ അറിയിച്ചു.

ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ.ആർ.ബിന്ദു, മുൻ എം.പിമാരായ സുഭാഷിണി അലി, പി.കെ.ശ്രീമതി ടീച്ചർ, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, പ്രിൻസിപ്പൽ സെക്രട്ടറി ഡോ.ഷർമ്മിള മേരി ജോസഫ്, കുടുംബശ്രീ ഗവേണിങ് ബോഡി അംഗങ്ങളായ അഡ്വ.സ്മിത സുന്ദരേശൻ, ചാല കൗൺസിലർ സിമി ജ്യോതിഷ്, സി.ഡി.എസ് ചെയർപേഴ്സൺ ഷൈന.എ എന്നിവർ മുഖ്യാതിഥികളായി. കുടുംബശ്രീ കുടുംബത്തിലെ മുതിർന്ന അംഗമായ വാസന്തി.കെ സ്വാഗതവും കോഴിക്കോട് മരുതോങ്കൽ സി.ഡി.എസിലെ കൃഷ്ണ ബാലസഭാംഗവുമായ കാദംബരി വിനോദ് നന്ദിയും പറഞ്ഞു. കുടുംബശ്രീ തിയേറ്റർ ഗ്രൂപ്പായ രംഗശ്രീ അവതരിപ്പിച്ച നൃത്തശിൽപം പുതുമകൊണ്ടും പ്രമേയം കൊണ്ടും ആകർഷകമായി.

# കാലിക്കറ്റ് പ്രസ് ക്ലബ് അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു

കോഴിക്കോട്: കാലിക്കറ്റ് പ്രസ് ക്ലബിന്റെ 2022ലെ തെരുവത്ത് രാമൻ, പി. ഉണ്ണികൃഷ്ണൻ, മുഷ്താഖ് അവാർഡുകൾക്ക് മാധ്യമപ്രവർത്തകരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. പ്രദീപം പത്രാധിപരായിരുന്ന തെരുവത്ത് രാമന്റെ പേരിലുള്ള അവാർഡ് മലയാളം പത്രങ്ങളിലെ മികച്ച ഒന്നാം പേജ് രൂപകൽപനക്കാണ്. 15,001 രൂപയും പ്രശസ്തിപത്രവും ഉൾപ്പെടുന്നതാണ് അവാർഡ്. പി.ടി.ഐ. ജനറൽ മാനേജരായിരുന്ന പി. ഉണ്ണികൃഷ്ണന്റെ പേരിൽ ഏർപ്പെടുത്തിയ അവാർഡ് ടെലിവിഷൻ ചാനലുകളിലെ ഏറ്റവും മികച്ച ജനറൽ റിപ്പോർട്ടിനാണ്. 15,000 രൂപയാണ് അവാർഡ്.മലയാളം ടി.വി ചാനലുകളിൽ സംപ്രേക്ഷണം ചെയ്ത ഏഴുമിനിറ്റിൽ കവിയാത്ത റിപ്പോർട്ടുകളാണ് സമർപ്പിക്കേണ്ടത്. കോഴിക്കോട് ജില്ലാ ഫുട്ബോൾ അസോസിയേഷന്റെ സഹകരണത്തോടെ നൽകുന്ന മുഷ്താഖ് സ്പോർട്സ് ജേർണലിസം അവാർഡ് അച്ചടി മാധ്യമങ്ങളിൽ വന്ന മികച്ച സ്പോർട്സ് റിപ്പോർട്ട്പരമ്പരയ്ക്കാണ്. 15,000/ രൂപയാണ് അവാർഡ്. കോഴിക്കോട് ജില്ലാ ഫുട്ബോൾ അസോസിയേഷന്റെ സഹകരണത്തോടെ നൽകി വരാറുള്ള മുഷ്താഖ് സ്പോർട്സ് ഫോട്ടോഗ്രാഫി അവാർഡ് കേരളത്തിലിറങ്ങുന്ന പത്രങ്ങളിൽ വന്ന ഫോട്ടോകൾക്കാണ്. 300 പിക്സൽ റിസൊല്യൂഷനിൽ അഞ്ച് എം.ബിയിൽ കൂടാതെ ഇമേജ് സൈസിൽ ഫോട്ടോകൾ അടിക്കുറിപ്പ് സഹിതം എന്ന cpcaward23@gmail.com ഇമെയിൽ ഐ.ഡിയിൽ അയയ്ക്കണം. ഇതിന്റെ പകർപ്പ് തപാലിൽ അയയ്ക്കേണ്ടതില്ല. ബയോഡാറ്റയും ഫോട്ടോ അച്ചടിച്ചുവന്ന പത്രത്തിന്റെ ഡിജിറ്റൽ കോപ്പിയും ന്യൂസ് എഡിറ്ററുടെ സാക്ഷ്യപത്രവും ഇതോടൊപ്പം ഇമെയിൽ ചെയ്യണം. 2022 ജനുവരി ഒന്നു മുതൽ ഡിസംബർ 31 വരെ പ്രസിദ്ധീകരിച്ച/സംപ്രേഷണം ചെയ്ത റിപ്പോർട്ട്/ഫീച്ചർ/ചിത്രം/ഒന്നാം പേജ് എന്നിവയാണ് അവാർഡിന് പരിഗണിക്കുക. റിപ്പോർട്ട്/ഒന്നാം പേജ് (ലേ ഔട്ട്), എന്നിവയുടെ ഒറിജിനലും മൂന്ന് പകർപ്പുകളും ബയോഡാറ്റയും ജോലി ചെയ്യുന്ന സ്ഥാപനത്തിലെ മേലധികാരിയുടെ സാക്ഷ്യപത്രവും സഹിതം അയക്കണം. ടെലിവിഷൻ അവാർഡിനുള്ള എൻട്രികൾ ഡി.വി.ഡിയിലോ (മൂന്നു കോപ്പി), പെൻഡ്രൈവിലോ നൽകാം. എൻട്രിയോടൊപ്പം ടൈറ്റിൽ, ഉള്ളടക്കം, ദൈർഘ്യം, വിവരണപാഠം എന്നിവ എഴുതി നൽകണം.

ഒരാൾക്ക് ഒരു അവാർഡിന് ഒരു എൻട്രി മാത്രമേ അയക്കാൻ പാടുള്ളൂ. എൻട്രികൾ 2023 ജൂൺ 15നകം സെക്രട്ടറി, കാലിക്കറ്റ് പ്രസ്സ് ക്ലബ്, കോഴിക്കോട് 673001 എന്ന വിലാസത്തിൽ ലഭിക്കണം. കവറിന് പുറത്ത് ഏത് അവാർഡിനുള്ള എൻട്രിയാണെന്നും വ്യക്തമാക്കണം. യോഗ്യമായ എൻട്രികൾ ഇല്ലെങ്കിൽ അവാർഡ് നൽകാതിരിക്കാനും ജൂറിക്ക് അധികാരമുണ്ടായിരിക്കും.




സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികാഘോഷത്തിലെ എന്റെ കേരളം പ്രദർശന വിപണന മേളയിലെ മോട്ടോർ വാഹന വകുപ്പിന്റെ സ്റ്റാൾ

# പി. എച്ച് താഹക്ക് പ്രവാസി പുരസ്കാരം

കോഴിക്കോട്: പരിസ്ഥിതി-സാമൂഹിക പ്രവർത്തകനായ പി.എച്ച് താഹക്ക് പ്രവാസി സംഘം മേരിക്കുന്ന് ഏർപ്പെടുത്തിയ പ്രവാസി പുരസ്കാരം സമ്മാനിക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. 15,001 രൂപയും പ്രശസ്തി പത്രവുമടങ്ങുന്ന പുരസ്കാരം 21ന്(ഞായർ) രണ്ട് മണിക്ക് ജെ.ഡി.ടി ഇസ്ലാം പോളിടെക്നിക് ഓഡിറ്റോറിയത്തിൽ നടക്കുന്ന സംഘടനയുടെ കുടുംബ സംഗമത്തിൽ വച്ച് തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ സമ്മാനിക്കും. പശ്ചിമഘട്ട പുഴ സംരക്ഷണ സമിതി, സേവ് പൂനൂർ പുഴ ഫോറം തടുങ്ങിയ സംഘടനകളിലൂടെ പരിസ്ഥിതിക്കായി ശക്തമായി



പ്രവർത്തിച്ച വ്യക്തിത്വവും ജീവകാരുണ്യ രംഗത്തും ചേവായൂർ പോലിസ് സ്റ്റേഷൻ പരിധിയിലെ റസിഡൻസ് അസോസിയേഷനുകളുടെ സംയുക്ത കൂട്ടായ്മയായ കോൺഫെഡറേഷൻ ഓഫ് റസിഡൻസ് അസോസിയേഷന്റെ നേതൃത്വത്തിലും സജീവമാണ് പി.എച്ച് താഹ. 2004 മുതൽ വെള്ളിമാട്കുന്ന് മേരിക്കുന്ന് പ്രദേശത്ത് ആരംഭിച്ച പ്രവാസിസംഘം മേരിക്കുന്ന്, പ്രവാസികളുടെ അവകാശ സംരക്ഷണത്തിനും ജീവകാരുണ്യമേഖലയിലും ലഹരിക്കെതിരായ പ്രവർത്തനങ്ങളിലും സജീവമാണെന്നവർ കൂട്ടിച്ചേർത്തു. വാർത്താസമ്മേളനത്തിൽ സജി കെ.മാത്യു (ജനറൽ സെക്രട്ടറി), ഷബീർ പറക്കുളം (ട്രഷറർ), ഗണേഷ് ഉള്ളൂർ (സ്വാഗതസംഘം പ്രസിഡന്റ്), സി.പ്രദീപ്കുമാർ (സ്വാഗതസംഘം കൺവീനർ) എന്നിവർ പങ്കെടുത്തു.

# ടെലികോം സെക്ടർ സ്കിൽ കൗൺസിൽ, ബ്രിറ്റ്കോ ആന്റ് ബ്രിഡ്കോ സംയുക്ത സംരംഭം ഉദ്ഘാടനം ചെയ്തു

കോഴിക്കോട്: കേന്ദ്ര നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയത്തിന്റെ കീഴിലുള്ള ടെലികോം സെക്ടർ സ്കിൽ കൗൺസിലും, മൊബൈൽ ഫോൺ റിപ്പയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടായ ബ്രിറ്റ്കോ ആന്റ് ബ്രിഡ്കോയും സംയുക്തമായി കാക്കഞ്ചേരി കിൻഫ്ര പാർക്കിൽ ആരംഭിച്ച മെഗാ സെന്റർ ഓഫ് എക്സലൻസ്, ടെലികോം സെക്ടർ സ്കിൽ കൗൺസിൽ സി.ഇ.ഒ അരവിന്ദ് ബാലി ഉദ്ഘാടനം ചെയ്തതായി ബ്രിറ്റ്കോ ആന്റ് ബ്രിഡ്കോ മാനേജിങ് ഡയരക്ടർ മുത്തു കോഴിച്ചെന വാർത്താസമ്മേളനത്തിൽ പറഞ്ഞു. മൊബൈൽ ഫോൺ റിപ്പയറിംഗ് എന്നതിലുപരി കൂടുതൽ സംരഭകത്വവും ഈ മേഖലയിൽ കൊണ്ടുവരാനാണ് സെന്റർ ഓഫ് എക്സലൻസ് വഴി ലക്ഷ്യമിടുന്നത്. വിദ്യാർഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസുകൾ, ഇൻഡസ്ട്രിയൽ ടെക്നീഷ്യൻ മാർക്ക് അപ്സ്കില്ലിംഗ് പ്രോഗ്രാമുകൾ നടത്താനുള്ള ആധുനിക ഉപകരണങ്ങൾ സെന്റർ ഓഫ് എക്സലൻസിൽ ഒരുക്കിയിട്ടുണ്ട്. ഇന്ത്യ മൊബൈൽ നിർമാണ മേഖലയിൽ വിപ്ലവം സൃഷ്ടിക്കുകയാണ്. ലോകത്തിലെ രണ്ടാമത്തെ മൊബൈൽ ഫോൺ നിർമാതാക്കളായി ഇന്ത്യ മാറിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 310 മില്യൺ യൂണിറ്റ് മൊബൈൽസ് ഇന്ത്യയിൽ നിർമിച്ചെന്നും 90,000 കോടി രൂപയുടെ മൊബൈൽ കയറ്റുമതി ചെയ്തെന്നും ടി.ടി.എസ്.എസ്.സി സി.ഇ.ഒ അരവിന്ദ് ബാലി പറഞ്ഞു. കേന്ദ്ര സർക്കാരിന്റെ പി.എൽ.ഐ ആന്റ് പി.എം.പി നയങ്ങൾ നിർമാണ രംഗത്ത് വിപ്ലവം സൃഷ്ടിച്ചെന്നദ്ദേഹം കൂട്ടിച്ചേർത്തു. വാർത്താസമ്മേളനത്തിൽ അരവിന്ദ് ബാലി, സമഗ്രശിക്ഷാ അഭിയാൻ മലപ്പുറം ജില്ലാ പ്രോഗ്രാം ഓഫിസർ പി.മനോജ്കുമാർ, ബ്രിറ്റ്കോ ആന്റ് ബ്രിഡ്കോ എക്സിക്യൂട്ടീവ് ഡയരക്ടർ ഉണ്ണികൃഷ്ണൻ കിനാലൂർ, ബ്രിറ്റ്കോ ആന്റ് ബ്രിഡ്കോ കോഴിക്കോട് സെന്റർ എം.ഡി സുധീർ.കെ, ടി.ടി.എസ്.എസ്.സി അസിസ്റ്റന്റ് മാനേജർ ഐശ്വര്യ എന്നിവർ പങ്കെടുത്തു.





1. പഞ്ചാബിനെതിരേ റീലി റൂസോയുടെ ബാറ്റിങ് 2. മത്സരം തോറ്റതിലുള്ള പഞ്ചാബിന്റെ ലിയാം ലിവിംഗ്സറ്റണിന്റെ നിരാശ

# 'ഡൽഹി പഞ്ച്'

## പഞ്ചാബിനെ 15 റൺസിന് തോൽപ്പിച്ച് ഡൽഹി

ധരംശാല: അവസാന ഓവറിൽ വലിയൊരു ട്വിസ്റ്റ് പ്രതീക്ഷിച്ചെങ്കിലും ഭദ്രമായി തന്നെ ഇഷാന്ത് ശർമ ഡൽഹിയെ വിജയത്തിലേക്കെത്തിച്ചു. പഞ്ചാബ് കിങ്സിനെ 15 റൺസിനാണ് ഡൽഹി ക്യാപ്പിറ്റൽസ് പരാജയപ്പെടുത്തിയത്. അവസാന ഓവറിൽ 33 റൺസായിരുന്നു പഞ്ചാബിന് ജയിക്കാൻ വേണ്ടിയിരുന്നത് സ്ട്രൈക്കർ എൻഡിൽ മികച്ച ഫോമിലുള്ള ലിയാം ലിവിംഗ്സ്റ്റണായിരുന്നു.

മൂന്ന് വിക്കറ്റായിരുന്നു പഞ്ചാബിന് ബാക്കിയുണ്ടായിരുന്നത്. ഇഷാന്തിന്റെ ആദ്യ പന്തിൽ ലിവിംഗ്സറ്റണിന് റൺസൊന്നും നേടാനായില്ല. ഡൽഹി ക്യാമ്പിൽ ആശ്വാസം. അടുത്ത് അഞ്ച് പന്തിലും തുടരെ സിക്സ് നേടിയാലും പവഞ്ചാബിന് ജയിക്കാനാവില്ല. ഇഷാന്തിന്റെ രണ്ടാം പന്തിൽ സിക്സും മൂന്നാമത്തെ പന്തിൽ ഫോറും ലിവിംഗ്സ്റ്റൺ നേടി.

ഇനി മൂന്ന് പന്തിൽ പഞ്ചാബിന് ജയിക്കാൻ 22 റൺസ് വേണം. അസാധ്യം. ഡൽഹി വിജയം ഉറപ്പിച്ച നിമിഷം. ഇവിടെയാണ് ചെറിയൊരു ട്വിസ്റ്റ് സംഭവിക്കുന്നത്. ഇഷാന്തിന്റെ അടുത്തപന്തും ലിവിംഗസ്റ്റൺ അതിർത്തി കടത്തി. എന്നാൽ ആ പന്ത് നോബോളായിരുന്നു. ഏഴ് റൺസ് ആ ഒരൊറ്റ ഡെലിവറിയിൽ നിന്ന് ലഭിച്ചു. ജയിക്കാനിനി മൂന്ന് പന്തിൽ 16 റൺസ്. പഞ്ചാബ് ക്യാമ്പിൽ നേരിയ പ്രതീക്ഷ. എന്നാൽ അടുത്ത രണ്ട് പന്തുകളും ഡോട്ട് ബോളുകളായി. ഡൽഹി ജയം ഉറപ്പിച്ചു. അവസാന പന്തിൽ അക്ഷറിന് ക്യാച്ച് നൽകി ലിവിംഗ്സ്റ്റൺ മടങ്ങുമ്പോൾ അയാൾ 48 പന്തിൽ 94 റൺസ് നേടിയിരുന്നു. മുഴുവൻ പ്രതീക്ഷയും കൈവിട്ട ഒരു ടീമിനെ അയാൾ വീണ്ടും ഉയർത്തെഴുന്നേൽപ്പിക്കാൻ ശ്രമിച്ചു. വീരോചിതമായിരുന്നു ആ ഇന്നിങ്സ്. അഞ്ച് ഫോറും ഒമ്പത് സിക്സും ആ ഇന്നിങ്സിന് മിഴിവേകി. 214 റൺസെന്ന വലിയ സ്കോർ ചെയ്സ് ചെയ്യാനിറങ്ങിയ പഞ്ചാബ് നിരയിൽ ലിവിംഗ്സ്റ്റണിനൊപ്പം 55 റൺസെടുത്ത അഥർവ ടൈഡെ മാത്രമേ തിളങ്ങിയുള്ളൂ. മറ്റുള്ളവരെല്ലാവരും നിരാശപ്പെടുത്തി. നിശ്ചിത 20 ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 198 റൺസ് നേടാനെ അവർക്കായുള്ളൂ. ഡൽഹിക്ക് വേണ്ടി ഇഷാന്ത് ഷർമയും ആൻറിച്ച് നോർക്യയും രണ്ട് വിക്കറ്റുകൾ വീതം വീഴ്ത്തി തിളങ്ങി.ആദ്യം ബാറ്റ് ചെയ്ത ഡൽഹിക്കവേണ്ടി ക്രീസിലിറങ്ങിയ അവരുടെ എല്ലാ ബാറ്റ്സ്മാൻമാരും മികച്ച പ്രകടനമാണ് കാഴ്ചവച്ചത്. ആദ്യ ഏഴ് മത്സരങ്ങളിൽ നിന്ന് വെറും 47 റൺസ് മാത്രം നേടിയ പൃഥ്വിഷാ തന്റെ മടങ്ങിവരവ് ഗംഭീരമാക്കി. 38 പന്തിൽ 54 റൺസാണ് പൃഥ്വി നേടിയത്. വാർണറിനൊപ്പം ആദ്യവിക്കറ്റിൽ 94 റൺസ് കൂട്ടിച്ചേർക്കുകയും ചെയ്തു. 31 പന്തിൽ 46 റൺസെടുത്ത വാർണറെ സാം കറന്റെ പന്തിൻമിന്നും ക്യാച്ചെടുത്ത് ശിഖർധവാൻ പറഞ്ഞയച്ചെങ്കിലും തുടർന്ന ക്രീസിലെത്തിയ റീലി റൂസ്സോ പഞ്ചാബ് ബൗളർമാർക്ക് നിലംതൊടാൻ അവസരം കൊടുത്തില്ല. 37 പന്തിൽ ആറ് വീതം സിക്സിന്റേയും ഫോറിന്റേയും അകമ്പടിയോടെ 82 റൺസുമായി റൂസോ പുറത്താകാതെ നിന്നു. ഫിൽ സാൾട്ട് 14 പന്തിൽ 26* റൺസ് നേടി. നിശ്ചിത 20 ഓവറിൽ ഡൽഹി രണ്ട് വിക്കറ്റ് നഷ്ടത്തിൽ 213 റൺസാണ് ഡൽഹി നേടിയത്. സാം കറനാണ് ഡൽഹിയുടെ രണ്ട് വിക്കറ്റുകളും വീഴ്ത്തിയത്. റീലി റൂസോയാണ് കളിയിലെ താരം.

## സീസ്കെയ്ലർ സി.ടി.ഒയായി ശ്യാം നായരെ നിയമിച്ചു



സാനോസെ(യു.എസ്): സീസ്കെയ്ലർ ഇൻകോർപറേഷന്റെ ചീഫ് ടെക്നോളജി ഓഫിസറും (സി.ടി.ഒ) റിസർച് ആൻഡ് ഡെവലപ്മെന്റ് വിഭാഗം എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റുമായി മലയാളിയായ ശ്യാം നായരെ നിയമിച്ചു. ക്ലൗഡ് സെക്യൂരിറ്റി മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖ സ്ഥാപനമാണ് സീസ്കെയ്ലർ. കോട്ടയം ഇരവിനല്ലൂർ സ്വദേശിയായി ശ്യാം നായർക്ക് മുമ്പ് സെയിൽസ് ഫോഴ്സ്, മൈക്രോസോഫ്റ്റ് എന്നിവിടങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള പരിചയമുണ്ട്. ഗോവ യൂണിവേഴ്സിറ്റിയിൽ നിന്ന് കംപ്യൂട്ടർ സയൻസിൽ മാസ്റ്റേഴ്സ് ബിരുദവും യു.എസിലെ ഇന്ത്യാന യൂണിവേഴ്സിറ്റിയിൽ നിന്ന് എം.ബി.എയും നേടിയ ശ്യാം കഴക്കൂട്ടം സൈനിക് സ്കൂൾ പൂർവ വിദ്യാർഥിയാണ്.

## 18ാമത് ഡൽഹി കോഴ്സ് ഓൺ ന്യൂറോളജി ഇന്റർവെൻഷൻ 21 മുതൽ 24 വരെ

കോഴിക്കോട്: 18ാമത് ഡൽഹി കോഴ്സ് ഓൺ ന്യൂറോ ഇന്റർവെൻഷൻ 21 മുതൽ 24 വരെ റാവിസ് കടവിൽ വച്ച് നടത്തുമെന്ന് സ്ട്രോക്ക് ആന്റ് ന്യൂറോ ഇൻർവെൻഷൻ ഫൗണ്ടേഷൻ ചെയർമാൻ പ്രൊഫ. ഡോ.ഷാക്കിർ ഹുസൈൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. സ്ട്രോക്ക് ആന്റ് ന്യൂറോ ഇന്റർവെൻഷൻ ഫൗണ്ടേഷനും ബേബി മെമ്മോറിയൽ ഹോസ്പിറ്റലും യൂണിവേഴ്സിറ്റ് ഹോസ്പിറ്റൽ സൂറിച്ചും(സ്വിറ്റ്സർലൻഡ്) സംയുക്തമായാണ് ഇന്റർവെൻഷൻ നടത്തുന്നത്. ജപ്പാൻ, ജർമനി, സ്വിറ്റ്സർലൻഡ് എന്നീ രാജ്യങ്ങളിലെ പ്രമുഖ ന്യൂറോ ഇന്റർവെൻഷനിസ്റ്റുകളും ന്യൂറോ സർജൻമാരും പഠനശിബിരത്തിന് നേതൃത്വം നൽകും. കഴിഞ്ഞ 17 വർഷമായി ഡൽഹിയിൽ നടന്നിരുന്ന 'ഡൽഹി കോഴ്സ് ' ആദ്യമായാണ് കോഴിക്കോട്ട് നടക്കുന്നത്. എന്റോവാസ്കുലർ ന്യൂറോ ഇന്റർവെൻഷൻ എന്ന നൂതന ചികിത്സാ സമ്പ്രദായത്തിലൂടെ മസ്തിഷ്കാഘാതവും തലച്ചോറിലെ രക്തധമനികളുടെ അനുബന്ധ അസുഖങ്ങളും ചികിത്സിക്കുന്ന ചികിത്സാവിധിയപ്പറ്റി നടത്തുന്ന പഠനങ്ങളാണ് പഠനശിബിരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പഠനശിബിരത്തിൽ വച്ച് പ്രമുഖ ന്യൂറോളജിസ്റ്റ്/ ന്യൂറോ സർജന്മാരായ പ്രൊഫ.ഡോ. മധുസൂദനൻ. എം (തിരുവനന്തപുരം), പ്രൊഫ. മാസാക്കി കൊമിയാമ (ഒസാക്ക, ജപ്പാൻ), പ്രൊഫ.ഡോ. ദീൻ മുഹമ്മദ് (ധാക്ക ഇൻസ്റ്റിറ്റ്യൂട്ട് ന്യൂറോസയൻസ് ഡയരക്ടർ, ബംഗ്ലാദേശ്) എന്നിവരെ ആദരിക്കും. പഠനശിബിരത്തിൽ നൂറോളം ന്യൂറോളജിസ്റ്റുകൾ പങ്കെടുക്കും. വാർത്താസമ്മേളനത്തിൽ ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ ന്യൂറോ വിഭാഗം മേധാവി ഡോ.ഉമ്മർ കാരാടൻ, ഡോ.ആനന്ദ് വാര്യർ, ഡോ. ശ്രീജിതേഷ്, പ്രതിഭ എന്നിവർ സംബന്ധിച്ചു.



സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികാഘോഷത്തിന്റെ ഭാഗമായി കോഴിക്കോട് ബീച്ച് ഓപ്പൺ സ്റ്റേജിൽ യുംന അജിൻ അവതരിപ്പിച്ച സംഗീത പരിപാടി

## കോടിയേരി സ്മാരക ലൈബ്രറിക്ക് പുസ്തകങ്ങൾ കൈമാറി

മാഹി: മലയാള കലാഗ്രാമം സ്ഥാപകൻ എ.പി കുഞ്ഞിക്കണ്ണന്റെ കുടുംബം, ചൊക്ലി കോടിയേരി ബാലകൃഷ്ണൻ സ്മാരക ലൈബ്രറിക്ക് പുസ്തകങ്ങൾ നൽകി. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക അടക്കമുള്ള പുസ്തകങ്ങൾ എ. ബാലൻ, ബിനീഷ് കോടിയേരിക്ക് കൈമാറി. സഹോദരങ്ങളായ ഡോ. എ.പി ശ്രീധരൻ, എ.പി വിജയൻ, ഡോ. ടി.വി വസുമതി, വി.കെ രാകേഷ്, കെ.പി.വിജയൻ, സിറോഷ് ലാൽ ദാമോദരൻ, ഡോ.ടി.കെ മുനീർ, ടി.കെ സുരേഷ്, ഷിജു ടി.പി, ഹരിശ്ചന്ദ്രൻ എന്നിവരും പങ്കെടുത്തു. മെയ് 21ന് ഞായറാഴ്ച വൈകുന്നേരം നാല് മണി മുതൽ ഏഴ് മണി വരെ ചൊക്ലി മൊയാരം മന്ദിരത്തിൽ പുസ്തക സമർപ്പണം പരിപാടിയിൽ കെ.കെ.മാരാർ, ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് എന്നിവർ പങ്കെടുക്കും. പ്രമുഖ പ്രസാധകരുടെ പ്രദർശനത്തിൽ വലിയ വിലക്കുറവോടെ പുസ്തകങ്ങൾ വാങ്ങി ലൈബ്രറിക്ക് നൽകാനുള്ള സംവിധാനത്തിൽ പങ്കാളികളാകാൻ മുഴുവനാളുകളേയും ആദരപൂർവം ലൈബ്രറി ഭാരവാഹികൾ ക്ഷണിച്ചു.



കോടിയേരി ബാലകൃഷ്ണൻ സ്മാരക ലൈബ്രറിയിലേക്കുള്ള പുസ്തകങ്ങൾ മലയാള കലാഗ്രാമം സ്ഥാപകൻ എ.പി കുഞ്ഞിക്കണ്ണന്റെ കുടുംബാംഗം എ.ബാലൻ, ബിനീഷ് കോടിയേരിക്ക് കൈമാറുന്നു




RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.